# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം

DESPATCHED
On 12/04/21

പുന്നൻ റോഡ്, തിരുവനന്തപുരം 695 001
Tel: 0471-2335199, 2561614 Fax: 0471-2330920
Email:- sic.ker@nic.in


31/3/21

**A.P.No. 182(1)/2020/SIC തീർപ്പു കൽപിച്ചു കൊണ്ടുള്ള നടപടിക്രമം**

**File No.1729/SIC-G4/2020**

**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**

ശ്രീ. സന്തോഷ് കുമാർ സി.,
കൊവ്വപ്പുറത്ത് ഹൗസ്,
കയരളം പി.ഒ., കണ്ണൂർ – 670 602. } അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
   ജൂനിയർ സൂപ്രണ്ട് (എച്ച് സെക്ഷൻ),
   ലാന്റ് റവന്യു കമ്മീഷണറുടെ കാര്യാലയം,
   റവന്യു കോംപ്ലക്സ്, പബ്ലിക് ഓഫീസ് ബിൽഡിംഗ്,
   മ്യൂസിയം ജംഗ്ഷൻ, തിരുവനന്തപുരം.
2. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
   വില്ലേജ് ഓഫീസർ,
   കൊളച്ചേരി വില്ലേജ് ഓഫീസ്,
   കൊളച്ചേരി – 670 601.
3. അപ്പീൽ അധികാരി & തഹസിൽദാർ,
   തളിപ്പറമ്പ് താലൂക്ക് ഓഫീസ്,
   തളിപ്പറമ്പ് പി.ഒ., കണ്ണൂർ – 670 141.

} എതിർകക്ഷികൾ

## അന്തിമ ഉത്തരവ്

മേൽ അപ്പീൽ ഹർജിയിൽ പരാമർശിത കാലയളവിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ സമർപ്പിച്ച വിശദീകരണം പരിശോധിച്ചതിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് കൊളച്ചേരി അംശം ദേശം റീ–സർവ്വെ 87/6 നമ്പറിലുള്ള ഭൂമിയുടെ 1.1.2011–നുശേഷം നടന്ന ക്രയവിക്രയങ്ങളുടെ പോക്കുവരവ്, ജമാ മാറ്റം എന്നിവയുമായി ബന്ധപ്പെട്ട മുഴുവൻ നടപടിക്രമങ്ങളുടെ പകർപ്പുകളായിരുന്നെന്നും ഈ വിവരം ടി ഓഫീസിൽ നിന്നു തന്നെയാണ് ഹർജിക്കാരന് നൽകേണ്ടതെന്നതിനാലാണ് ടിയാന്റെ അപേക്ഷ വിവരാവകാശ നിയമം 6(3) വകുപ്പുപ്രകാരം മറ്റൊരു ഓഫീസിലേക്ക് അയയ്ക്കാതിരുന്നതെന്നും

വസ്തുവിന്റെ ക്രയവിക്രയങ്ങളുടെ പൂർണ്ണമായ വിവരം സബ് രജിസ്ട്രാർ ഓഫീസിൽ നിന്നും ലഭിക്കുമെന്ന പൊതുവായ വിവരം നൽകുക എന്ന ഉദ്ദേശത്തോടുകൂടിയാണ് ക്രയവിക്രയങ്ങളുടെ വിവരം സബ് രജിസ്ട്രാർ ഓഫീസിൽ നിന്നു വാങ്ങേണ്ടതാണെന്ന് മറുപടിയുടെ ആദ്യഭാഗത്ത് അറിയിച്ചതെന്നുമാണ്. കൂടാതെ കമ്മീഷന്റെ ഉത്തരവ് പാലിച്ചു കൊണ്ട് ടിയാന്റെ അപേക്ഷയുടെ പകർപ്പ് ക്രയവിക്രയങ്ങളുടെ വിവരം നൽകുന്നതിനായി വളപട്ടണം സബ് രജിസ്ട്രാർ ഓഫീസിലേയ്ക്ക് അയച്ചു കൊടുത്തതായും ബോധിപ്പിച്ചിട്ടുണ്ട്. മേൽപ്പടി വിശദീകരണം പരിശോധിച്ചതിൽ പരാമർശിത കാലയളവിലെ എതിർകക്ഷിയുടെ ഭാഗത്തു നിന്നും അപേക്ഷകന് വിവരം നിഷേധിക്കണമെന്നോ തെറ്റായ വിവരം നൽകണമെന്നോ ഉദ്ദേശ്യം ഉള്ളതായി ബോധ്യമാകുന്നില്ല. ആയതിനാൽ ടിയാൻ സമർപ്പിച്ച വിശദീകരണത്തിലെ വസ്തുതകൾ കണക്കിലെടുത്ത് ഈ അപ്പീൽ ഹർജിയിലെ തുടർനടപടികൾ കമ്മീഷൻ അവസാനിപ്പിച്ചുകൊണ്ടുള്ള അന്തിമ ഉത്തരവ് ഇന്നേ ദിവസം 2021 മാർച്ച് മാസം 31 –ാം തീയതി പുറപ്പെടുവിക്കുന്നു.

ഒപ്പ്
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION
KERALA, THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

us